# മണികണ്ഠചരിതം

മണികണ്ഠചരിതം ഒന്നാംഭാഗം

സദനം.കെ.ഹരികുമാരൻ രചിച്ചത്

## രംഗം:ഒന്ന്

(രംഗസംക്ഷിപ്തം: അസുരനായ ശൂർപ്പകൻ ദേവന്മാരുടെ അഭിവൃദ്ധിയിൽ അസഹിഷ്ണുവാകുകയും, ദേവ നിഗ്രഹത്തിനായി പോംവഴി ചിന്തിക്കുകയും ചെയ്യുന്നു. ത്രൈലോക്യനാഥനായുള്ള ശിവനെ തപസ്സു ചെയ്ത് ആഗ്രഹമുള്ള വരങ്ങൾ സമ്പാദിക്കുവാൻ തീരുമാനിക്കുന്നു. തപസ്സിൽ പ്രീതനായ ശിവൻ പ്രത്യക്ഷനാവുകയും, ആഗ്രഹമുള്ള വരമെന്തെന്ന് ചോദിക്കുകയും ചെയ്യുന്നു. തന്റെ ചൂണ്ടുവിരൽ കൊണ്ട് ആരുടെ നെറുകിൽ തൊട്ടാലും അവർ ഭസ്മമായി ത്തീരണമെന്ന് ശൂർപ്പകൻ വരം നേടുന്നു. പക്ഷെ, വരത്തിന്റെ വിശ്വാസ്യത അറിയുന്നതിനായി ശിവന്റെ തല തന്നെ ലക്ഷ്യമാക്കി ശൂർപ്പകൻ ഓടിയടുക്കുന്നു. ശിവൻ പ്രാണരക്ഷാർത്ഥം ഓടി മറയുന്നു. )

<u>ശ്ലോകം</u>

രാഗം:ഖണ്ഡാരം താളം:ചെമ്പട

വിണ്ണോർനാഥനെനിക്കു ദാസ്യമതു ചെയ്തീടാൻ തുനിഞ്ഞീടണം
വിണ്ണോർയോഷകളെന്റെ ഭോഗസുഖമാരാഞ്ഞിങ്ങു വന്നീടണം
മന്നും പൊന്നുമെനിക്കു സൗഖ്യമതിനായ്തീർന്നീടണം ശാശ്വതം.
എന്നുള്ളാഗ്രഹമോർത്തു ശൂർപ്പകനവൻ ധ്യാനിച്ചു സോമേശനെ

(തിരനോക്കിനു ശേഷം 'തന്റേടാട്ട'ത്തിനു തിരതാഴ്ത്തി' എനിക്ക് മനസ്സിന് ഒട്ടും സുഖം തോന്നുന്നില്യ' എന്നതിലെ "ഇല്ല" എന്നു കാണിക്കുന്നതോടെ ത്രിപുട രണ്ടാംകാലം
.(ഉത്ഭവത്തിലേതുപോലെ)" എന്റെ ശത്രുക്കളായ ദേവന്മാർ സ്വർഗ്ഗം അടക്കി വാഴുന്നതു കാരണം എനിക്ക്ഒട്ടും മനസ്സിന് സുഖം തോന്നുന്നില്ല. ദേവന്മാരെ ജയിക്കുന്നതിന്ന് ത്രൈലോക്യനാഥനായുള്ള മഹാദേവനെ തപസ്സു ചെയ്യുവാൻ പോകുകതന്നെ ."തപസ്സിനുള്ള ഒരുക്കങ്ങൾക്കുശേഷം പഞ്ചാഗ്നി കത്തിച്ച് 'പരുന്തിൻകാൽ' ചവിട്ടി ശേഷം നാലാമിരട്ടി എടുത്ത് തപസ്സിന് നില്ക്കുന്നു)

രാഗം : പുറനീര താളം : ത്രിപുട

<u>പദം</u>

തിങ്കൾക്കല ചൂടിത്തലയിൽ ചന്തത്തൊടു ചെഞ്ചിട കെട്ടി
ഗംഗാനദിയെ കബരിച്ചുരുൾ തന്നിലെടുത്തമരും ദേവൻ

ചുടലക്കളമതിലെ വെണ്ണീറുടലിലണിഞ്ഞതി മോദിതനായ്
ഇടതുകരം തന്നിൽ ഡമരുവിലഡികിണതോം താളമുതിർത്തോൻ
മറിമാൻപിട പെറ്റൊരുമാൻകുഞ്ഞിനെ മാറൊടു ചേർത്തുപിടിച്ചും
മഴുവും നടുനെറ്റിയിലടയും മിഴിയോടും കാണണമുടനെ

ഇടതുപദം തൂക്കിയുയർത്തി വലതുപദം ഭൂവിലമർത്തി
കാൽകീഴിലമർന്നുകിടന്നൊരപസ്മാരം സ്മേരം തൂകി
അംഗോപാംഗങ്ങളിലൊമ്പതു നാട്യരസം തിങ്ങിവിളങ്ങി
നന്ദിയെഴും മനമൊടു നന്ദി മദ്ദളവും കൊട്ടിയുണർത്തി

ഉരഗഫണം കണ്ഠാരം മൃഗതുകലോ തുകിലായണിയുന്നോൻ

തെളിയണ മടിയനിലുടനടി യൊരു വരമരുളിക്കനിയണമമ്പിൽ
(തിങ്കൾക്കല)

(പദാവസാനം വലതുവശത്ത് ശിവൻ പ്രത്യക്ഷപ്പെടുന്നു. ശൂർപ്പകൻ നമസ്കരിക്കരിക്കുന്നു). ശേഷം പദം:

<u>ശൂർപ്പകൻ</u>

രാഗം:ആഹരി.          താളം:ചെമ്പട

പാർവതിക്കു മെയ്പാതി കൊടുത്തൊരു ഹരനേ തവപദം പണിയുന്നേൻ
ജാഹ്നവിക്കു നടുനെറുകു കൊടുത്തൊരു ശിവനേ തവപദം പണിയുന്നേൻ

അകമെരിഞ്ഞരുളേ നിന്റെ അടിയിണ പണിയുന്നോരെ
വെടിയുന്ന ശീലം ഭവാനൊരുപോതുമില്ലല്ലോ

<u>ശിവൻ</u>

രാഗം:സൗരാഷ്ട്രം          താളം:മുറിയടന്ത

ഭീകര മാരിയിൽ മാലിനടിമപ്പെടാതെ,
ഘോര വരൾചയിൽ ദാഹത്തിനടിമപ്പെടാതെ
ചുഴലിക്കൊടുംകാറ്റിലുലയാതെ പതറാതെ
പഞ്ചാക്ഷരീമന്ത്രമുരുവിട്ടു പഞ്ചാഗ്നി
നടുവിൽ നിലകൊണ്ടു തപനം നടത്തിയ
ശൂർപ്പകാ തുലനം നിനക്കാരു പാർത്താൽ
കഠിന തപോബലം മറ്റാർക്കു പാർത്താൽ?

(രണ്ടാം കാലം)

സങ്കോചമോലാതെ ശങ്കയെഴാതെ
എന്തു വരം ഞാൻ നിനക്കു നൽകേണ്ടതു
ചൊല്ലുക ചൊല്ലുക ശൂർപ്പകാ ഞാനതു
 നൽകിടാം മതിമോദമോടെ മടിയാതെ .

<u>ശൂർപ്പകൻ</u>

രാഗം:ധന്യാസി          താളം: ചെമ്പട

അംഗാരേക്ഷണ,, അന്തരംഗമതിലങ്കുരിതം മമ മോഹം ചൊല്ലാം
എങ്കിലുമായതു കനിയാൻ നീ മടി-
കാട്ടീടരുതേ കരുണാമയനേ

അംഗുലികൊണ്ടൊരു മൂർദ്ധാവിൽ ഞാൻ
തൊട്ടാലവനുടനാകണമൊരുപിടി
ഭസ്മമതെന്നൊരു വരവും ഹരനേ
തരണേ ഉടനെ തൃപുരാന്തകനേ.

<u>ശിവൻ</u>

രാഗം:മോഹനം          താളം:ചെമ്പട

ഭക്തനു വാഞ്ഛിതമേകാനായില്ലെങ്കിൽ ഞാനാരിഹ വത്സാ
ആശ നിനക്കാവിധമെന്നാകിൽ നേടുക നീയാ വരവും മോദാൽ.

<u>ശൂർപ്പകൻ</u>

രാഗം:ഖണ്ഡാരം          താളം:മുറിയടന്ത

ദേവർകുലത്തിനെ ഉള്ളുകൊണ്ടേറ്റം തു-

ണക്കുന്നവർ ദൈവകുലമെന്നു കേൾപ്പു ഞാൻ
ഗോപിക്കുറി പോലെയായീടുമോ നിന്റെ
വരദാനമെന്നെനിക്കിന്നൊന്നറിയണം

വടിവൊടുമെടഞ്ഞചെഞ്ചിടകളിൽ ഗംഗയും
തുമ്പച്ചെടികളും ചന്ദ്രക്കലകളും
ചേർത്ത നിൻ നെറുകതിൽ വിരലൊന്നു തൊട്ടു ഞാൻ
നീ തന്ന വരമതിൻ പൊരുളറിഞ്ഞീടുവൻ.

( ശിവന്റെ ശിരസ്സ് തൊടുവാൻ ചൂണ്ടുവിരലുയർത്തിപ്പിടിച്ചു കൊണ്ട് ശൂർപ്പകൻ ശിവനു പിന്നാലെ പായുന്നു. ശിവൻ ഒടുവിൽ വൈകുണ്ഠത്തിൽ ചെന്ന് വിഷ്ണുവിനെ ശരണം പ്രാപിക്കുന്നു )

## രംഗം:രണ്ട്

(രംഗസംക്ഷിപ്തം : ശൂർപ്പകനെ ഭയന്നോടിയ ശിവൻ, അവസാനം വിഷ്ണുവിന്റെ സമീപത്തേക്ക് വരുന്നു. താൻ എല്ലാറ്റിനും ഉപായം കണ്ടെത്തിക്കൊള്ളാമെന്ന് വിഷ്ണു വാഗ്ദാനം ചെയ്യുന്നു. വിഷ്ണു ഒരു മോഹിനിയുടെ രൂപം ധരിച്ച് ശൂർപ്പകന്റെ മാർഗ്ഗമദ്ധ്യേ നൃത്തം ചെയ്ത് ശൂർപ്പകനെ വശീകരിക്കുന്നു. മോഹിനിയെ കണ്ട ശൂർപ്പകൻ, ശിവനെ വിസ്മരിക്കുന്നു. മോഹിനിയോട് പ്രേമാഭ്യർത്ഥന നടത്തുന്നു. തന്നെപ്പോലെ നൃത്തം ചെയ്യാമെങ്കിൽ വിവാഹം കഴിക്കാമെന്ന് മോഹിനി പറയുന്നു. ശൂർപ്പകൻ സമ്മതിക്കുന്നു. പക്ഷെ നൃത്തലഹരിയിൽ മോഹിനി, സ്വന്തം തലയിൽ തൊട്ടതിനെ അനുകരിച്ച ശൂർപ്പകൻ ഭസ്മമായിത്തീരുന്നു. ശൂർപ്പകന്റെ മരണവാർത്തയറിഞ്ഞ ശിവൻ മോഹിനീ രൂപം കാണുവാൻ താൽപര്യപ്പെടുന്നു. വിഷ്ണുവിന്റെ മോഹിനീരൂപം കണ്ട ശിവൻ അവളിൽ അനുരക്തനാകുന്നു. ശങ്കരനാരായണ സംഗമം നടക്കുന്നു. മണികണ്ഠൻ ജനിക്കുന്നു. നായാട്ടിനു വരുന്ന പന്തളരാജാവിന് ലഭിക്കാനായി കുട്ടിയെ കാട്ടിൽ കിടത്തി പോകുന്നു. )

ശിവൻ

രാഗം:മുഖാരീ താളം:പഞ്ചാരീ(തിശ്രനട)

ദൈത്യൻ പിന്നിലണഞ്ഞതോർത്തു ഭയമാർന്നംഗാരനേത്രൻ സ്വയം
നാനാരൂപമെടുത്തു പാഞ്ഞു ഭുവനം മൂന്നും കടന്നഞ്ജസാ
പാമ്പിൻതല്പമതിൽ കിടന്നു ഭുവനം പാലിച്ചുപോരുന്നൊരാ
ദേവൻ ശ്രീഹരിവിഷ്ണുതന്റെ നികടേ വന്നു വിരൂപാക്ഷനും

( ശിവൻവിഷ്ണുവിന്റെ സമീപത്തേക്ക്ഓടിവരുന്നു. പഞ്ചാരിതാളം )

ശിവൻ

ക്ഷീരാംബുധി ശയനാ നീയേ മമ ശരണം
അരനാഴിക വൈകരുതേ രക്ഷിപ്പതിനെന്നെ,

ശൂർപ്പകനെന്നൊരുദനുജൻ ചെയ്തൊരു തപഫലമായ്
നൽകിയ വരദാനമെനിക്കൊരു ഭീകരവിനയായ്

ഒരുതലയുടെ നടുനെറുകിൽ തർജ്ജനിയാൽ തൊടുകിൽ
ഒരുകൈപ്പിടി ഭസ്മമതായ് തീരുമവൻ നിയതം

എന്നഹമവനേകിയതാം വരമഹിമ യതറിവാൻ
എൻ തല തൊട്ടറിവാൻപാഞ്ഞണയുന്നു ദനുജൻ

അലയാഴിക്കാഴങ്ങളിലടവികളിൽ അചലങ്ങളി-
ലൊരുപഴുതുമൊളിപ്പാനില്ലറിയുക നീ വിഷ്ണോ.

വിഷ്ണു

രാഗം:ആരഭി. താളം:ചെമ്പട.

ശൂർപ്പകനുടെ ദർപ്പം തീർപ്പതിനൊരു
പഴുതുണ്ടറിയുക മഹേശ്വരാ
സ്തനിത സമാനം ഗർജ്ജനമവനുടെ
കേൾപ്പൂണ്ടവനുമണഞ്ഞീടുന്നു

പെട്ടെന്നിവിടം വിട്ടുമറഞ്ഞു വ-
സിക്കുക ആപത്തല്ലായ്കിൽ
ശൂർപ്പകനൊരുപിടി ഭസ്മമതായ്
നിന്നുടലിന്നൊരു ഭൂഷണമാക്കീടാം.

(വിഷ്ണു മോഹിനീരൂപം ധരിക്കുന്നു. ശിവന്റെ പിന്നാലെ ഓടിവന്ന ശൂർപ്പകൻ മോഹിനിയെ കാണുകയും ശിവനെ മറക്കുകയുംചെയ്യുന്നു)

<u>സാരി</u>

രാഗം: യദുകുലകാംബോജി താളം:ചെമ്പട

പുഞ്ചിരി ചന്ദ്രിക പെയ്തധരത്തിൽ
തൃമധുരം നിറച്ചും കബരീഭരം
കൊണ്ട ചെരിച്ചതു കെട്ടിയൊരുക്കിയും
കർണികാരപ്പൂവതിൽ ചാർത്തിയും

അഞ്ചമ്പൻ മയങ്ങുന്ന ചെഞ്ചേവടികളിൽ
മഞ്ചാടിമണികൾ കോർത്ത പാദസരം
കേതകിപ്പൂക്കളാൽ കാതില തീർത്തതും
കാതിലണിഞ്ഞവളാഗതയായ്.

വനമുല്ല വള്ളിയിൽ ഊയലാടി
ഇന്ദിശരാഗവും മെല്ലെപ്പാടി
കാമ കാമന കളുണർത്തും പരിമളം
തൂമെയ്യിൽനിന്നുനിറഞ്ഞു പൊങ്ങി

കുചകുഡ്മളങ്ങളിൽ മാലേയ ലേപനം
സ്വേദമണികളിൽ അലിഞ്ഞലിഞ്ഞും
മദനത്തിടമ്പിൻ നിതംബം കുലുങ്ങിയും
നീൾമിഴിതുമ്പിൽ പുവമ്പൊന്നു പാഞ്ഞതും

<u>ശൂർപ്പകൻ</u>

രാഗം:നീലാംബരി. താളം:ചെമ്പ.

കാനനദേവതയോ നിശീഥിനീ മാനിനിയോ മായാവതിയോ?

വിജനേ വന ജ്യോത്സ്നാ ലതകളിൽ ഊഞ്ഞാലാടുവതെന്തേ നീ

സ്മരപീഡിതംമാനസം അതിലോലം, അടിമനിനക്കഹം അനുവേലം
കാലമിതനുകൂലം മാറ്റുക നിൻ ദേഹാവരണംശോണദുകൂലം

<u>മോഹിനി</u>

രാഗം:ആനന്ദഭൈരവി താളം:ചെമ്പട

തരുണാ ദേവസദസ്സിൽ നർത്തന
മാടി കീർത്തന ഗാനംപാടി
ലസിച്ചൊരു മോഹിനിഞാൻ.

നിൻപെരുമ പൊലിഞ്ഞമരാവതിയിൽ
ദേവഗണത്തിനു ഭീതിപെരുത്തു

ഒരുനാൾ നിന്നുടെരേഖാചിത്രം
കണ്ടതുനീതാനെന്നുനിനച്ചതു
ചുംബിപ്പാൻ തുനിയുന്നതുകണ്ടു
ബൃഹസ്പതി തന്നൊരുശാപവരം.

എന്നൊടുതുല്ല്യം നർത്തനമാടാൻ
ഇന്നുനിനക്കായിടുമെന്നാകിൽ
നിന്നുടെ രമണിയതായ്‌വസിക്കണം
എന്നത്രേ എന്നുടെ വരശാപം.

(നൃത്ത മത്സരം തുടങ്ങുന്നു.)

പദച്ചുവടിലിളകി നിതംബമണിഞ്ഞ രശനകൾ അതു-
പകർത്തിയാടുവതിനാ ശൂർപ്പകന്നു ഭവിച്ചു കിതപ്പുകൾ
വനസ്ഥലികളിലെഴും കിളികുലങ്ങളിർത്ത സ്വരജതി
നിശിചരന്നു ഹൃദിപെരുകി മന്മഥാർത്തിയുതിർത്ത മതിഗതി
തളിർക്കുടകളുലയും തരുഗണങ്ങളുലഞ്ഞു മദിക്കയും
കളകളസ്വനങ്ങളുതിരും തിരതിരച്ചു ചിരിച്ച സരിത്തുകൾ
പാതി വിടർന്നൊരധരപുടം മദമനോജ്ഞ, മനോജ്ഞ രസഭരം
വിയർപ്പു മണിനിരകൾ അലങ്കരിച്ച ലലാട പഞ്ചമി
വലിത്രയങ്ങളിടയിൽസ്വേദ മൊലിച്ചു ലസിച്ചോരുദരവും
തുടുത്തപദമലരിൽ ലയമുതിർത്ത ചിലമ്പു മണികളും-കുളുർ
മുലപ്പടമയഞ്ഞഴിഞ്ഞതിനുള്ളിൽ തുളുമ്പിയുലഞ്ഞ മുലകളും-നിറ
കുചക്കലശമിളകുന്നതുകണ്ടു മനസ്സിലുതിർത്തു മതിഭ്രമം വാർ-
മുടിക്കുടന്നയഴിയുമ്പൊഴുതങ്ങുതിർന്നു കൊഴിഞ്ഞു മലർനിര-നടിച്ചു-
തളർന്നാകിലും ദനുജൻ ഹരിയൊടൊത്തു ശ്രമിച്ചു ത്രസിക്കയും

( മോഹിനിയും ശൂർപ്പകനും നൃത്തമത്സരത്തിലേർപ്പെടുന്നു. മോഹിനി യെപ്പോലെ ശൂർപ്പകനും നൃത്തംചെയ്യാൻ ശ്രമിക്കുന്നു. പക്ഷെ ഓർക്കാ പ്പുറത്ത്സ്വന്തംതലയിൽതോട്ടു പോകുന്നു ഭസ്മമാകുന്നു. ശിവൻ പ്രത്യക്ഷപ്പെടുന്നു. അത്ഭുതപ്പെടുന്നു)

<u>ശിവൻ</u>

രാഗം:ചെഞ്ചുരുട്ടി താളം:ചെമ്പട.

ശൂർപ്പകനെവിടെപ്പോയെന്നറിയാ-
തൊരുതരമില്ല,മുരാരേ വിഷ്ണോ

<u>വിഷ്ണു:</u>

ശൂർപ്പകനൊരുപിടി ഭസ്മമതായി നി-
ലത്തു കിടപ്പതു കാൺക ഹരേ

<u>ശിവൻ</u>

അറിയാതൊരുതരമില്ലെങ്ങിനെ നീ
ശൂർപ്പകനിഹനം ചെയ്തൊരുപായം

<u>വിഷ്ണു</u>

മോഹിനി രൂപിണിയായ്ഞാനവനെ
മായാവലയേ വീഴ്ത്തി പുരാരേ
നൃത്തവിലാസിനിയായ് ഞാനവനെ
മത്തമനോജ ഭ്രമിതനതാക്കി

മോഹം മൂത്തു മഹത്വമതോർക്കാ-
തംഗുലിയാൽ തൻ തല തൊട്ടവനും
നീയേകിയവരശക്തിയതാലെ
ഒരു പിടിഭസ്മമതായ്ത്തീർന്നവനും.

<u>ശിവൻ</u>

മായാ മോഹിനിരൂപംകാണാ-
തൊരുതരമില്ല മുരാരേ വിഷ്ണോ

(വിഷ്ണു മോഹിനീരൂപം ധരിക്കുന്നു. രൂപം കണ്ട് ശിവൻ മോഹിതനാകുന്നു. രണ്ട് താളവട്ടം തോഡി രാഗം പാടുമ്പോൾ ശിവൻ മോഹിനിയുടെ സൗന്ദര്യം ആസ്വദിക്കുന്നു ആലിംഗനം ചെയ്ത് ഒറ്റക്കാല്ചവിട്ടി തിരശ്ശീലക്കു പിന്നിലേക്ക് മറയുകയും ചെയ്യുന്നു. മണികണ്ഠന്റെ ജനനസൂചകമായി പുറപ്പാടിലെ പതിഞ്ഞകലാശം കൊട്ടിക്കഴിഞ്ഞാൽ വലന്തലയും ശംഖും പ്രയോഗിക്കുന്നു. തിരശ്ശീല എടുക്കുമ്പോൾ ശിവനും വിഷ്ണുവും കൈകുഞ്ഞുമായി നിൽക്കുന്നു.)

<u>വിഷ്ണു</u>

നിൻ രാഗവായ്പ്പുറഞ്ഞിന്നെന്റെ യൂരു
പിളർന്നു ജനിച്ചൊരു പുത്രനെ കാൺക നീ
ഇന്ദ്രനീലാഭനായ് കന്ധരം തന്നിൽ മ-
ണികോർത്ത മാല ധരിച്ചു ജനിച്ചൻ
പുത്രദുഖത്താൽ ഹൃദയം തപിപ്പോരു
ഭക്തനായുള്ളോരു പന്തള ഭൂപൻ വ-
നത്തിൽ മൃഗയാ വിനോദത്തിനായ്വരു
ന്നേരമിവനെ നമുക്കവനേകിടാം.

(ശിവനും വിഷ്ണുവും ചേർന്ന് കുട്ടിയെ കാട്ടിൽ കിടത്തുന്നതായി
കാണിച്ച് രംഗം വിടുന്നു.)

# മണികണ്ഠചരിതം

2ാം ഭാഗം

## രംഗം:മൂന്ന്

(രംഗസംക്ഷിപ്തം:

പന്തളരാജാവ് സന്തതികളുണ്ടാകാനായി പത്നിയുമൊത്ത് ശിവ ഭജനം നടത്തുന്നു. വന്യമൃഗങ്ങൾ നാട്ടിൽ പ്രവേശിച്ച് ഉപദ്രവങ്ങൾ സൃഷ്ടിക്കുന്നതായി, ദൂതൻപറഞ്ഞറിയുന്നു നായാട്ടിന് പുറപ്പെട്ടു പോകുന്നു. പമ്പാതീരത്തുനിന്ന് മണികണ്ഠനെ കിട്ടുന്നു. കുട്ടിയേയും കൊണ്ട് കൊട്ടാരത്തിലേക്ക് മടങ്ങുന്നു. )

ശ്ലോകം  രാഗം :സൗരാഷ്ട്രം

സന്താനസൗഭാഗ്യമില്ലാഞ്ഞു പന്തള മന്നാധിപൻ വെള്ളിമല തന്നിലമരുന്ന
പന്നഗഹാരനെ മാനസമണ്ഡപം തന്നിൽ പ്രതിഷ്ഠിച്ചു പൂജിച്ചു സന്തതം
സുചരിത്രവതിയായ കാമിനി ജലപുഷ്പ ധൂമാദികളുമൊരുക്കി-പ്പരിചൊടു
കാന്തനോടൊത്തു ശ്രീകോവിലിൽ ചെന്നവൾ സ്കന്ദജനകനെ വന്ദിച്ചുസാദരം

മുഴുതിങ്കൾ മുടിപ്പൊന്നും മുടിക്കുള്ളിൽ തടിനിയും
തുടയിൽ പാർവതിക്കൊപ്പം വികൃതിയാം ഗണേശനും
കഴുത്തിൽ പാമ്പിഴഞ്ഞുകൊണ്ടുരസ്സിൽ മാൻതുകൽ മൂന്നാം
മിഴിക്കുള്ളിൽ കനലും ചേർന്നിരിക്കുന്ന ഭഗവാനെ

ഹരിണവും ഢമരുവും വെൺമഴുവും ത്രിശൂലവും
കരംകൊണ്ടു ഭുവനങ്ങൾ പരിപാലിച്ചരുളുന്ന
വിഭോ ക്ഷിപ്രപ്രസാദി, നിൻ ചരണപങ്കജങ്ങളെ-
ന്നവലംബം പ്രസാദിച്ചു കനിയേണമവിളംബം

മനം നൊന്തു ഭവാനോടിന്നപേക്ഷിക്കുന്നൊരു വരം
നിറഞ്ഞ മാനസത്തോടെ തരവേണം ത്രിനേത്രാ നീ
ധരിത്രിയിൽ സുകൃതങ്ങൾ വളർത്തി മൽ പ്രജകളെ
ഭരിച്ചീടും സുതനെയിന്നരുളേണം മഹാദേവാ

(രാജാവും പത്നിയും ചേർന്ന് ശിവഭജനം നടത്തുന്നു. ഒരുദൂതൻ വന്ന് നാട്ടിൽ വന്യമൃഗങ്ങളുടെ ഉപദ്രവമുണ്ടെന്ന് പറയുന്നു. രാജാവ് വേട്ടക്ക് പുറപ്പെട്ട് പോകുന്നു. കാട്ടിൽ കൂടി സഞ്ചരിച്ച് ഒടുവിൽ പമ്പാ തീരത്തെത്തുന്നു.)

രാജാവ്

രാഗം:ഹമീർകല്ല്യാണി                താളം:ചെമ്പട.

പരിമളപൂരിത വിപിനതലം മധുകരനിഭൃതം സുമനികരം
തളിരില പോലൊരു മൃദു രവ മീ വന
നിബിഡമതിൽ ഞാൻ കേൾക്കുവതോ?

കളകളമൊഴുകും പമ്പാതടിനീ-
പുളിനേ നളിനദളത്താൽ ശയ്യ
യൊരുക്കിയതിൽകേളിച്ചുകിടപ്പൊരു
രവിയോ ശശിയോ ബാലകനോ?

(രണ്ടാംകാലം)

വനരാജിയിളകുന്നതെന്തേ ഒരു
മൃഗരാജ ഗർജ്ജനം കേൾപ്പതെന്തേ

വ്യാഘ്രമൊന്നണയുന്നതിവനുടെ സമീപവും
കാത്തുവാഴാതുടൻ കൊന്നിടാം ഞാൻ

(രാജാവ് വില്ലെടുത്ത് അമ്പെയ്യാൻ തുടങ്ങുമ്പോഴേക്ക്പുലീ ഒരു യോഗിയായി മാറുന്നു.
രാജാവ്‌വന്ദിക്കുന്നു...പദം)

<u>രാജാവ്</u>

രാഗം:സാവേരി താളം:ചെമ്പട.

വന്ദനം കൈക്കൊൾക പന്തളഭൂപനെന്റെ
വന്ദ്യാഭവാനാരോ ഇശ്ശിശുവാരോ

(ചെമ്പ രണ്ടാംകാലം)

വംശാവകാശിയില്ലാത്ത നൃപൻ
ഭരണാധികാരിയില്ലാത്ത നാടും
മാതൃത്വമറിയാത്ത ധർമ്മദാരങ്ങളും
ഇനിചൊൽകവേണമോ കദനഹേതുക്കളും
സർവജ്ഞനല്ലോ ഭവാൻനിയതം
ഒരുമയിൽപ്പീലിപോൽ തേജോമയനായൊ-
രിവനെ ഭവാനെനിക്കേകീടുക.

<u>യോഗി</u>

രാഗം : മോഹനം. താളം : തൃപുട

ഹരിഹരപുത്രനെന്നറികനീ ബാലനെ
അരിവൃന്ദസൂദനനാണിവനും
അനപത്യദുഖം കഴിഞ്ഞുനിനക്കതി
പുകൾപെററകാലം വരുമചിരാൽ

പുത്രധർമ്മങ്ങളും പൗരധർമ്മങ്ങളും
ഇവനീധരിത്രിയിൽ വിളയിച്ചിടും
ധർമ്മസംസ്ഥാപനത്തിന്നായ് ജനിയാർന്നോ-
രിവനെ നിനക്കായി നൽകിടാംഞാൻ.

(യോഗി മണികണ്ഠനെ പന്തളരാജാവിന് നൽകി മറയുന്നു.രാജാവ് കുട്ടിയേയും കൊണ്ട് രാജധാനിയിലേക്ക്പോകുന്നു.)

## രംഗം : നാല്

(രംഗസംക്ഷിപ്തം: യുവാവായ മണികണ്ഠൻ തന്റെ പിതാവായ പന്തളരാജാവിനെ സഭയിൽ ചെന്ന് നമസ്കരിക്കുന്നു. മണികണ്ഠനെ യുവരാജാവാക്കുവാനുള്ള ആഗ്രഹം രാജാവ് പ്രകടിപ്പിക്കുന്നു. കായംകുളത്തുനിന്ന് വാവർ എന്ന കടൽകൊള്ളക്കാരന്റെ ആക്ര മണവാർത്തയുമായി ഒരുദൂതൻ വരുന്നു. വാവരെ നേരിടുവാൻ താൻ ഒരുക്കമാണെന്നു പറഞ്ഞ് മണികണ്ഠൻ,രാജാവിന്റെ സമ്മതത്തോടെ ഒറ്റക്ക്പുറപ്പെട്ടുപോകുന്നു. )

<u>ശ്ലോകം.</u>

രാഗം : തോഡി താളം:ചെമ്പ

പത്തുംപിന്നെയൊരേഴുവട്ടമചിരാൽ ആദിത്യനെത്തീ പകർ-
ന്നുത്തുംഗം ശിശിരാന്തകാല മകരംരാശിക്കകം വീണ്ടുമേ
മെത്തും യൗവ്വന കാന്തിവന്നു പുലരും പുത്രന്റെ പൂമേനിയിൽ
തത്തും കൗതുക ദൃഷ്ടിയങ്ങു നിയമിച്ചീലാ നരേന്ദ്രോത്തമൻ

(മണികണ്ഠൻ സഭയിലേക്ക് പ്രവേശിക്കുന്നു. പിതാവിനെ നമസ്കരീ

ക്കുന്നു. പതിഞ്ഞ 'കിടധീംതാം' )

<u>മണികണ്ഠൻ</u>

പാലകാ തവപാദരേണുവാൽ തിലകം തൊടുവിച്ചെന്ന
മനുജ തിലകനായ് തീർക്കുവതിന്നൊരു താമസമരുതേ താതാ

ആജ്ഞാമുക്തകനിരകൾ കോർത്തൊരു മകുടം ചൂടീടാൻ
രക്ഷാ കവചംകൊണ്ടൊരു ഹർഷോത്തരീയമണിയിക്കാൻ
പാദപരിലാളനത്താൽ പാവനപദവുമണഞ്ഞീടാൻ
അനുവദ സദയം നീ. (പ്രത്യേകംഇരട്ടി)

<u>രാജാവ്</u>

രാഗം:ബേഗഡ താളം:തൃപുട

കണ്ണല്ല കണ്ണിൻമണിയാകുമെന്നുടെ
മുടിയല്ല മുടിയിലെ മണിയാകുമെന്നുടെ
ഹൃദയത്തിലൊഴുകുന്ന കനിവാകുമെന്നുടെ
പുത്രാ,നിനക്കുഞാൻ നേരുന്നു നന്മകൾ

ജര വന്നു മേനി പുണർന്നു.
നരവന്നു മുടിയിൽ പുലർന്നു.
സ്മൃതിയിലോ വിസ്മൃതി ഭരണം നടത്തുന്നു
മതിയിലോ നിന്നിൽ വിശ്വാസം വളരുന്നു.

മന്നിനു യുവ രാജനായിട്ടുനീ
വെന്നീടണം ജനമാനസങ്ങൾ
താങ്ങായ് തണലായി നിലകൊണ്ടിടേണമീ-
യുർവരക്കെൻ പ്രിയ പുത്രാ

(മണികണ്ഠൻ കുമ്പിട്ട് മാറിയശേഷം "എനിക്കിപ്രകാരമെല്ലാം സംഗതി ഭവിച്ചത് അങ്ങയുടേയും ജഗദീശ്വരന്റേയും കരുണ കൊണ്ടുതന്നെ. അങ്ങയെസഹായിക്കുവാൻ എന്നെ അനുവദിച്ചാലും" എന്നു പറഞ്ഞ് തൊഴുതു നിൽക്കുന്നു. ഒരുദൂതൻ പരിഭ്രാന്തനായി സഭയിലേക്ക് പ്രവേശിക്കുന്നു. )

## രംഗം:അഞ്ച്.

<u>ദൂതൻ</u>

രാഗം:കാംബോജി. താളം:ചെമ്പട.

ശ്ലോകം:

ആത്രാന്തരേ സഭയവേപഥു ഗാത്രനായി-
ട്ടത്രത്യതൽസഭയിലാഗതനായിതേകൻ
ധാത്രീന്ദ്രപാദയുഗളം ശിരസാനമിച്ചീ-
ട്ടുൾത്താപഹേതു വികലാക്ഷരമേവമൂചേ

ദൂതനിതാപ്രണമിപ്പൂസതതം
പാലയ നീ നൃപതേ പാലയ നീ നൃപതേ.

ആചാരോക്തികൾ കൂടാതടിയൻ
അടിയന്തിരമീ വാർത്തകൾ ചൊല്ലാം.

കടലേഴു കടന്നലയാളും ധൃത-
മതിമാൻ വാവരനെന്നോരപരൻ
കിങ്കരരൊത്തു കാരാഗാരത്തിലെടുത്തു

പെരുത്തൊരഹന്തനിമിത്തം--കടലോരത്തവനും
തമ്പടിച്ചു വസിച്ചീടുന്നു സങ്കടങ്ങൾ വരുത്തീടുന്നു

മാന്യമതികളെ മാൻമിഴികളെയും
മാന്ദ്യമെഴാതെ കൊള്ളയടിച്ചും
കൊന്നും ധനധാന്യങ്ങൾ വെന്നുകവർന്നും
വിരാജിപ്പവനെകൊന്നും-- കേരളനാടിതിനെ
കാത്തിടാനൊരു മാനുഷനോർത്താൽ
ആരുവാനറിവീലമഹാത്മൻ

<u>മണികണ്ഠൻ</u>

രാഗം:സാരംഗ.              താളം:ചെമ്പട.

ദൂതാ ഞാനിത പടയണിയൊത്തു
പുറപ്പെട്ടു നീ ചെന്നുടനോതുക
ഭാർഗ്ഗവരാമപുരത്തിൽ വാവർ ധൃഷ്ടതകാട്ടുവനോ
ആയുധനികരം പടവീടുകളിൽ
തിങ്ങുവതവനറിയാഞ്ഞോ
ശക്തിപെരുത്തയുവാക്കൾ കേരള
ദേശം കാക്കുവതറിയാഞ്ഞോ
ഇല്ലിനിതാമസമേതും കായം-
കുള മന്നവനോടോതുക നീയും

(ദൂതനെ ആശ്വസിപ്പിച്ച്പറഞ്ഞയക്കുന്നു.രാജാവ്പരിഭ്രാന്തനായി മണികണ്ഠനെ
പിൻതിരിപ്പിക്കുവാൻ ശ്രമിക്കുന്നു)
രാജാവ്

രാഗം:അഠാണ       താളം:ചെമ്പ

അരുതരുതവിവേകമൊന്നിനും തുനിയരുതു
നന്ദികലരും മമ, നന്ദനാ സുന്ദരാ
നിൻമിഴികാണാതെ നിൻമൊഴി കേൾക്കാതെ
വാഴ്വെനിക്കൊരുമാത്ര അരുതു താതാ.

വീരനാം വൈരിയെ നീ തുണകൂടാതെ
ചെന്നെതിർത്തീടരുതു നന്ദനാ നീ

( പന്തളത്തുരാജാവ്മണികണ്ഠനെയുദ്ധത്തിൽനിന്ന്പിൻതിരിപ്പിക്കുവാൻ
ശ്രമിക്കുന്നു. പക്ഷെ മണികണ്ഠൻ അച്ഛനെ സമാധാനിപ്പിച്ച് യുദ്ധത്തിന് പോകുന്നു.
)

## രംഗം:ആറ്

(രംഗസംക്ഷിപ്തം :കപ്പൽതുഴഞ്ഞ് വാവർ കേരളക്കരയിലെത്തുന്നു. കേരളത്തിന്റെ
മനോഹാരിതയിൽ ആകൃഷ്ടനാകുന്നു. ജനങ്ങളുടെ ദാരദ്ര്യം കണ്ട്, സമ്പന്നന്മാരെ
ആക്രമിക്കുകയും അവരുടെ സമ്പത്ത്കൈക്കലാക്കി പാവങ്ങൾക്ക് കൊടുക്കുകയും
ചെയ്യുന്നു. ദൂരെ മണികണ്ഠൻ വരുന്നത്കാണുന്നു. തന്നെ ആക്രമിക്കാനാകുമെന്ന
ധാരണയിൽ കപ്പലിൽക്കയറി സമുദ്രത്തിലേക്കിറക്കി നിർത്തുന്നു. കുതിരപ്പുറത്തു
വന്ന മണികണ്ഠൻ, വാവർ കടലിലേക്ക് കപ്പലിറക്കിയതുകണ്ട്കപ്പലിന്റെ പാമരം
അമ്പെയ്തു മുറിക്കുന്നു. ക്രുദ്ധനായ വാവരും മണികണ്ഠനും ഏറ്റുമുട്ടുന്നു.
യുദ്ധാവസാനം വാവർ ക്ഷീണിക്കുന്നു, അവർ സുഹൃത്തുക്കളായി അംഗീകരിക്കുന്നു.
വാവരെ മണികണ്ഠൻ തന്റെ സാമന്തരാജാവാക്കി അംഗീകരിക്കുന്നു. )

ശ്ലോകം

രാഗം:ഷൺമുഖപ്രിയ          താളം:തൃപുട

തുർക്കിസ്ഥാനിൽപ്പിറന്നോൻ തുഹിനഗിരിസുതാകാന്ത ബീജപ്രഭാവൻ

സ്വർഗ്ഗസ്ഥാനംനിതാന്തം പരശുധരമഹാദേശമെന്നോർത്തിരുന്നോൻ
വർഗ്ഗക്കാരോടുകൂടി കടലിലടരുചെയ്തെത്തി കായംകുളത്ത
ന്നുഗ്രൻദീനർക്കുതോഴൻധനികധനചയംവാവർവാരിക്കൊടുത്താൻ

വാവർ

(വാവരുടെതിരനോക്ക്-പ്രത്യേകമായി ചിട്ടചെയ്തത്-കേരളക്കരയുടെ
മനോഹാരിത വർണ്ണിച്ചശേഷം ദൂരത്തുനിന്ന് മണികണ്ഠൻ വരുന്നതായി കാണുന്നു.
മണികണ്ഠന്റെ വ്യക്തിത്വത്തിൽ ആകൃഷ്ടനാകുന്നു.)

തുരഗമേറി പ്പരിചയേന്തി കരമതിൽ ക്കരവാളു മേന്തി
കരുണതുള്ളും നയനമോടൊരു ഇളയവൻ വരവാരെടാ
വരവു കണ്ടാലതിചതുരനിവനെന്നുപറഞ്ഞു ധരിപ്പിക്കവേണമോ
വിരിഞ്ഞമാറിൽതിളങ്ങീടുന്നമണിയൊത്തു വിളങ്ങുന്നുണ്ടു ധൈര്യമിവനിലും

സുമതിയിവനോ വിമതനോ ബത അറിവതില്ലിഹ തോഴരെ
ചതിപ്പതിന്നോ ജയിപ്പതിന്നോ അടുത്തുവന്നണയുന്നിവൻ

അഹിതനെങ്കിൽ തലയറുത്തീ ക്കടലിതിലിവന്റെ ഖബർനമ്മളടക്കിടും
സുമതിയെങ്കിലെന്റെ വലങ്കയ്യാക്കിഞാനി ഭുവനമിവനൊത്തു ഭരിച്ചിടും

(ചെമ്പടയിലേക്കുമാറി)
തുഴകളെടുത്തീ സമുദ്രമധ്യം തന്നിൽ നൗക തുഴഞ്ഞു കടത്തുക
പടവാൾ പരിചകൾ ശരചാപങ്ങളെടുത്തു പടക്കായൊരുങ്ങുക.

(മണികണ്ഠൻ കുതിരപ്പുറത്ത് വരുന്നു. ഇതുകണ്ട്വാവർ കപ്പൽതുഴഞ്ഞു
നടുക്കടലിലേക്ക്പലായനം ചെയ്യുവാൻ തുനിയുന്നു. ഇതുമനസ്സിലാക്കിയ
മണികണ്ഠൻ വാവരുടെ പാമരംഅമ്പെയ്തു മുറിക്കുന്നു. വാവർ
ക്രോധാകുലനാകുന്നു. മണികണ്ഠൻ കയർക്കുന്നു)

മണികണ്ഠൻ

രാഗം:ശങ്കരാഭരണം താളം:ചെമ്പട.

തോണി തുഴഞ്ഞാഴക്കടലിൽ ചെ-
ന്നോടിയൊളിക്കാൻ തുനിയുന്നവനേ
പന്നഗവും പാമരവുമറുത്തു ചെ-
റുപ്പേൻനിന്നുടെ പലായനം

വാവർ

രാഗം:ഖണ്ടാരം താളം:മുറിയടന്ത

വാവരുടെപാമരമറുത്തൊരു കിശോരകാ
നിന്നുടലിൽ നിന്നു നിൻ തലകൊയ്തു കടലിതിൽ
പയ്യോടുപായുന്ന നക്ര ജാലങ്ങൾക്കു
നൽകുന്നതുണ്ടുഞാൻ പൊയ്യല്ലിതൊന്നുമേ.

മണികണ്ഠൻ

രാഗം:ശങ്കരാഭരണം. താളം:ചെമ്പട.

എന്നുടെ നാടിതിലക്രമവിത്തു വി-
തച്ചുവിളഞ്ഞതു കൊയ്യാൻ വന്നൊരു
പരദേശീ നീപോകണമിവിട-
ന്നിക്ഷണമക്ഷരമുരിയാടാതെ

വാവർ

രാഗം:ഖണ്ടാരം താളം:മുറിയടന്ത

വയറെരിഞ്ഞുടലൊട്ടി വിറകിനൊടു സമരായ
മാനുഷ പ്പരിഷകൾ വാഴുന്ന നാടിനു
രാജകുമാരകൻ നീയെന്നറിഞ്ഞുള്ളി-
ലാളുന്നു ക്രോധാഗ്നി രാജകുമാരകാ

(മണികണ്ഠനും വാവരും ചേർന്ന ്യുദ്ധം ചെയ്യുന്നു. അടന്തയിൽ പ്രത്യേകം
ചിട്ട ചെയ്ത യുദ്ധവട്ടം-) വാവർ തളരുന്നു.-

ശ്ലോകം രാഗം : കേദാരഗൗള

ഏവംപറഞ്ഞിരുവരും കലഹിച്ചു പാരം,
ഭാവംപകർന്നുമണികണ്ഠനഖണ്ഡധീരം
വാവർക്കിളപ്പമുളവായ്കരവാളതും പോയ്,
പാവം തളർന്നു പരിതാപമിയന്നുനിന്നു.

വാവർ രാഗം : ദേവഗാന്ധാരീ താളം : ചെമ്പട

<u>മണികണ്ഠൻ</u>
ദുഷ്ടനല്ലാ ഭവാൻ ശിഷ്ടനറിഞ്ഞു ഞാൻ,
ശത്രുവല്ലെന്നുടെ മിത്രമറിഞ്ഞു ഞാൻ
ആർക്കുമേ കണ്ടതില്ലീവിധം വിക്രമം
അക്രമിയായൊരുനിന്നിലല്ലാതെ ഞാൻ
കഠിനമുൾത്താരിൽ കനിവു കിനിയുന്ന
നീയെന്റെസ്വന്തമായ്ത്തീരുക വാവരേ
ആടയുമന്നവുമില്ലാത്തവർക്കുനീ
കൽപദ്രുമമായി ദാനങ്ങൾ ചെയ്യുക
ധാത്രിയിൽ മതമൈത്രി തന്നുടെ സന്ദേശ
മിന്നുസുഗന്ധം പരത്തിടട്ടെ
(വാവരും മണികണ്ഠനും അലിംഗനം ചെയത്പിരിയുന്നു.)

# മണികണ്ഠചരിതം

മൂന്നാംഭാഗം

## രംഗം : ഏഴ്

(രംഗസംക്ഷിപ്തം: മണികണ്ഠനെ രാജാവാക്കുവാൻ തീരുമാനിച്ചതിൽ വേവലാതിപൂണ്ട മന്ത്രി, രാജ്ഞിയോട് കുതന്ത്രങ്ങളുപദേശിച്ച് അത് മുടക്കുവാൻ ശ്രമിക്കുന്നു. വയറുവേദന നടിക്കാനും, വൈദ്യരെക്കൊണ്ട് മരുന്നായി പുലിപ്പാല് വിധിപ്പിക്കുവാനും, മന്ത്രി ധാരണയുണ്ടാക്കുന്നു. പുലിപ്പാല് അന്വേഷിക്കുവാൻ പോകുന്ന മണികണ്ഠന്റെ അന്ത്യം കാട്ടിൽ സംഭവിക്കുമെന്ന് ആശ്വസിക്കുന്നു. )

രാഗം : ആനന്ദഭൈരവി

പൊന്നിൽതീർത്ത കിരീടവും ചമയവും ചെങ്കോലുമാ രാത്രിയിൽ
കണ്ടിട്ടും മതിവന്നിടാതെ യരചൻ സിംഹാസനം തന്നിലായ്
തൻപുത്രൻമണികണ്ഠനെന്ന യുവരാജാവിന്റെ പൂമേനിയെ
തൻചിത്തത്തിലെഴുന്ന ദർപ്പണമതിൽ കണ്ടാനുറങ്ങാതവൻ

രാഗം ; അഠാണ താളം : ചെമ്പട

രാജാവിന്നുടെ കാലശേഷമിനി ഞാനായീടണം ഭൂപനെ
ന്നേറെ ചിന്തയിലാണ്ട മന്ത്രിയുമുടൻ പുത്തൻ കുതന്ത്രങ്ങളും
ചേലിൽ കോർത്തുമിനുക്കി രാജ്ഞീ മരുവും സൗധത്തിലായ് ചെന്നവൻ
ചൊന്നാൻ വൈരവിഷം കലർന്ന മൃദുവാം മന്ത്രങ്ങൾ മന്ത്രീപതി

മന്ത്രി

രാജ്യലക്ഷ്മിയാം ദേവി,യടിയൻ, മന്ത്രിവരന്നുടെ, യഭിവാദ്യം.
അരമനതന്നിലരങ്ങേറുന്നൊരു പരമരഹസ്യം അങ്ങാടികളിൽ
പരസ്യമാണെങ്കിലുമീ മൗനം, മനസ്സിലാകുന്നില്ലല്ലൊ.
മായാതുള്ളൊരു യവ്വനകാന്തി തിളങ്ങും രാജ്ഞിയെ യെഴുതിത്തള്ളി
കാട്ടുകുറത്തിക്കേകും'രാജമാതാ'വെന്നൊരുബഹുമതിയും.

സഹിച്ചിടാം മണികണ്ഠനെ നാടിൻ രാജാവാക്കുകിലിന്നടിയൻ
പക്ഷേ മറ്റൊരു രാജ്ഞിയെയടിയന്നാകുകയില്ല സഹിച്ചിടുവാൻ

രാജ്ഞീ രാഗം : നീലാംബരീ താളം : ചെമ്പ

നോവറിയാതെലഭിച്ചമകൻ,

മണികണ്ഠനവൻ യുവരാജനതായി
വിളങ്ങുന്നതിലൊരുസങ്കടമെന്തിനു
മന്ത്രിവരാ നീ ചൊല്ലിടുക
മാതാവല്ലാതെന്തിനു രാജ
മാതാവാകാൻ തിണയുന്നൂ ഞാൻ
കനിഞ്ഞുനൽകീലെനിക്കു ഭഗവാൻ
രാജാവാകും സന്തതിയെ

മന്ത്രി രാഗം : ഹുസൈനി(ദർബാർ) താളം : ചെമ്പട

ഓമനയൊന്നുപിറക്കുമവൻ ഭൂ-
പതിയായ്വാഴും, അരചനു മാതാ-
വായി വസിക്കും ഭവതീ, യെന്നു വി-
ധിച്ചൊരു ജ്യോതിഷ സത്യ മൊഴി,
മാച്ചുകളഞ്ഞീടാൻ നീ, തുനിയരു-
തെന്നേയടിയൻ പറയാവൂ.

വൈകിജനിക്കും മകനെക്കരുതി,
മണികണ്ഠന്നുടെയഭിഷേകം, നീ
തടയണമെന്നടിയനുണർത്തിക്കും
നിവേദനം, നീ തടയരുതേ.

നായാട്ടിന്റെ തളർച്ചയിൽരാജൻ
നായാടിച്ചിയുമായി രമിച്ചുജ-
നിച്ചൊരു ജാരകുമാരൻ,
നമ്മൾ താലോലിക്കും രാജകുമാരൻ.
ക്ഷത്രിയനല്ലിവൻ, ബ്രാഹ്മണനല്ലിവൻ,
വൈശ്യനും ശൂദ്രനുമല്ല ദേവീ,
ചണ്ഡാളനായവൻ രാജനായ്ത്തീരുന്ന
നാടിന്റെ യോഗം പറഞ്ഞിടാമോ

രാജ്ഞി

രാഗം : പന്തുവരാളി താളം : ചെമ്പട

കേൾക്കാനാകുന്നില്ലീ വാർത്തക-
ളെനിക്കുഹാ സചിവോത്തമരേ
വാഴിപ്പതിനാകില്ലീ കാട്ടുചെ-
റുക്കനെ, യുവരാജാവായി
മന്ത്രിവരാ, നീ,ചൊല്ലുംപോലെ യി-
വന്നുടെയഭിഷേകങ്ങൾ മുടക്കാൻ
ഒരുക്കമാണതിനെന്തൊരുകാര്യം
ചെയ്തീടേണം, ഞാൻ, പറയൂ,

മന്ത്രി

രാഗം : ഗംഭീരനാട്ട, താളം : മുറിയടന്ത

മുടക്കും ഞാനടക്കും ഞാനൊടുക്കും നായാടിനേടിയ
മിടുക്കന്റെ യൊടുക്കത്തിനു തുടക്കം നാം കുറിക്കും.
നടിക്കേണം വയറ്റിൽവേദനയായി കിടക്കേണം
വരുത്തേണം വൈദ്യരെയും, വിധിക്കേണം മരുന്നവൻ
കുടിയ്ക്കേണം കറന്നിട്ടുചുടുക്കനെ യൊരുനാഴി
പുലിപ്പാലീ വേദനയിന്നൊടുക്കാനെ ന്നുറപ്പായി
ട്ടുരക്കേണം മടിക്കാതേ മിടുക്കുള്ള ഭിഷഗ്വരൻ
ചൊടിക്കേണം പുറപ്പെട്ടു ഗമിക്കേണം മണികണ്ഠൻ
വനത്തിന്റെയിരുളിൽചെന്നൊടുക്കത്തെ വരിക്കേണം
പെറ്റവ്യാഘ്രത്തിന്റെ വായിൽ ഭക്ഷ്യമായ് ചെന്നടിയേണം.

പരമപവിത്രം പരമരഹസ്യം, നമ്മുടെനിശ്ചയമറിയുകനീ.

## രംഗം : എട്ട്

(രംഗസംക്ഷിപ്തം: രാജ്ഞി വയറുവേദന നടിച്ച് കിടക്കുന്നു. രാജാവ് പരിഭ്രാന്തനായിത്തീരുന്നു. രാജവൈദ്യൻ വന്ന് പരിശോധിക്കുകയും മരുന്നായി പുലിപ്പാല് വിധിക്കുകയും ചെയ്യുന്നു. പുലിപ്പാലുകൊണ്ടുവരുവാൻ മണികണ്ഠൻ പുറപ്പെട്ടുപോകുന്നു. )

ശ്ലോകം       രാഗം : ഗൗളിപന്ത്

വാക്കിൽ കൈവിഷമാഴ്ത്തിയന്നു സചിവശ്രേഷ്ഠൻ കൊടുത്ത ~ൗഷധം
തീർത്തും രാജ്ഞികഴിച്ചതിന്റെ ഫലമായ് ബോധം നശിച്ചന്നവൾ
"താങ്ങാനാകുവതില്ല വേദനയെനി"ക്കെന്നോതി ദീനാലയേ
വാണൂ രാജ്ഞിയവൾക്കണഞ്ഞ കദനം കേട്ടങ്ങണഞ്ഞൂനൃപൻ

രാഗം :സൗരാഷ്ട്ര. താളം തൃപുട
ഏഷണിക്കുവശംവദയായ്ത്തീർന്ന രാജ്ഞിതന്നുടെയുൾപ്പരിവർത്തനം
കണ്ടറിയാഞ്ഞുരാജനവളുടെ യിണ്ടലുള്ളതാണെന്നുനിനച്ചിതേ.

ശൂലനോവുസഹിക്കാത്തമാതിരീ രാജ്ഞിയമ്മാറുനാട്യം നടിച്ചതും
കണ്ടുസത്യമെന്നൂഹിച്ചുരാജനന്നിണ്ടലാർന്നു വിളിപ്പിച്ചു വൈദ്യനെ.

നാഡിനോക്കീ, ഞരമ്പും നയനവും വൈദ്യരന്നുവിധീച്ചൂ മരുന്നുടൻ
പെറ്റുവാഴുംപുലിയുടെ ചൂടെഴും പാൽകറന്നൊരു നാഴീ കഴിക്കണം

ചെറ്റുമേ വൈകിയാലോ മരണത്തിൻ കയ്യിലേക്കു വഴുതിപ്പതിച്ചിടാം.
എന്നുകേട്ടു മതിമയങ്ങീട്ടതാ രാജനും കുഴഞ്ഞൂഴിയിൾ വീണിതേ

ആത്മവിശ്വാസമോടൂ വനരാജ നെന്നപോലണഞ്ഞങ്ങു മണികണ്ഠൻ
ചുണ്ടിലൂറുന്നപുഞ്ചിരിയോടവൻ തന്റെതാതനോടേവമുണർത്തിച്ചു.

(മണികണ്ഠൻ വില്ലുംഅമ്പുമായി പ്രവേശിക്കുന്നു)

<u>മണികണ്ഠൻ</u>

രാഗം : മധ്യമാവതി     താളം : ചെമ്പ

പാരിനെ ത്രാണനം ചെയ്യുമെൻ താതാ,
നിന്നുടെ ത്രാണനമെൻ ജീവനം,
കടുവകൾ, കരടികൾ, കാട്ടികൾ, കാട്ടാന
യെന്നിവയെന്നുടെ തോഴരെന്നറിക നീ,
നാടുവാഴുന്നവരേക്കാളുമുണ്ടഹോ
കാടുവാഴുന്നോർക്കുഹൃദയാർജ്ജവം.
എന്നെ നിനച്ചാകുലനായിടേണ്ട നീ,
അമ്മതൻജീവനാണിന്നുമുഖ്യം.

( പന്തളരാജാവിന്റെ എതിർപ്പിനെ കൂട്ടാക്കാതെ മണികണ്ഠൻ പുലിപ്പാലും തേടി പുറപ്പെട്ടു പോകുന്നു. രാജാവ് മോഹിച്ചു വീഴുന്നു. )

## രംഗം ; ഒമ്പത്

(രംഗസംക്ഷിപ്തം: വനത്തിൽ സഞ്ചരിക്കുന്ന മണികണ്ഠനെ മഹിഷി ആക്രമിക്കാനൊരുങ്ങുന്നു. മണികണ്ഠന്റെ അസ്ത്രം അവളിൽ പൂബാണമായിതറക്കുന്നു. മഹിഷി,മാളികപ്പുറത്തമ്മയായി മാറുന്നു. മാളികപ്പുറത്തമ്മയുടെ പ്രേമാഭ്യർത്ഥന മണികണ്ഠൻ നിരസിക്കുകയും കന്നി

അയ്യപ്പന്മാർ തന്റെ ദർശനത്തിനു ഏതെങ്കിലും വർഷം വരാത്തപക്ഷം മാളികപ്പുറത്തെ വിവാഹംകഴിക്കാമെന്നും വാഗ്ദാനംചെയ്യുന്നു.)

മഹിഷി

രാഗം : സൗരാഷ്ട്രം താളം : മുറിയടന്ത(മിശ്രചാപ്പ്)

ഭ്രാതാവിന്റെ കൊലക്കുകാരണമതായു ള്ളോർക്കു നാശം വിത-
ച്ചീടാൻ കച്ചമുറുക്കിയാ മഹിഷിയും നാശം വിതച്ചീടവെ

ഉച്ചണ്ഡം വിറ കൊണ്ടു വിണ്ടലമതും പാതാളവും ഭൂമിയും
കത്തിക്കാളുമൊരഗ്നി ഗോളസദൃശം സർവ്വം നശിപ്പിച്ചവൾ.

വരവർണ്ണിനിയായ സുരലോകസുന്ദരി
ക്കൊരു ശാപത്താൽ ഭവിച്ചു മഹിഷിയായ്
വരളുമുൾത്താരിന്നുടമയായ്ത്തീർന്നവൾ
താനാരെന്നറിയാതെ വസിച്ചിതു.
മഹിഷാസുരനുടെ സോദരിയായുള്ള
മഹിഷി മഹിയിൽ മഹർഷിമാർക്കേറെയായ് -
ദുരിതം ചെയ്താശ്രമത്തിൽവസിക്കുന്ന
താപസന്മാരെ പിടിക്കയും തന്നുടെ
യമൃതേത്തിനായി കൊന്നുപിശിതവും
ഭക്ഷിച്ചും, രക്തദാഹവും തീർത്തവൾ
ആനയെ കൊമ്പിൽ കൊരുത്തുകളിച്ചുകൊ-
ണ്ടാനന്ദമായ് മൂന്നു ലോകം ഭരിപ്പവൾ
ശാർദ്ദൂലങ്ങളെ വാലിൽ പിടിച്ചു പ-
ന്താടുവാൻ കയ്യിന്നൂക്കു പെരുത്തവൾ.
കാനനേപോകും മണികണ്ഠനെക്കണ്ടു
കുപിതയായാക്രമിപ്പാൻതുനിഞ്ഞതു.

മഹിഷി

ആരിഹവന്നതെടാ, നീന്നെയാഹരിപ്പനിന്നു ഞാനെടാ
വില്ലും വാളും, പരിചയുമെന്തിനു കയ്യാളുന്നതു നീ
മാർദ്ദവമോലും, നിന്നുടെകവിളിൻ,
മാംസം മാമ്പഴമെന്നതു പോലെ ഭു-
ജിച്ചെൻ ഭോജനകാംക്ഷക്കിന്നൊരു
ശമനംവരുമെന്നതുമമ ഭാഗ്യം.
പനസച്ചുളപോൽ മധുരിതമാം നി-
ന്നധരം കോർത്തു വലിച്ചു കടിപ്പാൻ
കൂർത്തുവളഞ്ഞൊരു കോമ്പല്ലുകളു-
ണ്ടൊട്ടും ക്ഷമകൂടാതെ വസിപ്പൂ.

മണികണ്ഠൻ ,

രാഗം : ഭൈരവി താളം : ചെമ്പട

അമ്മക്കു രോഗശമനത്തിനായുള്ള,
പെറ്റപുലിയെപിടിച്ചുകൊടുത്തിട്ടു
ഞാനിഹ നിന്നുടെ ഭക്ഷണമായീ വ-
നത്തിൽ തിരികേ വരാമെന്നു കേൾക്കുക.
അന്നുവരേക്കു നിൻപൈദാഹമതിനെ സ-
ഹച്ചീടുവാൻ കേണപേക്ഷിപ്പുഞാൻ.

മഹിഷി

കയ്യോ, കാലോ, തിന്നേണ്ടതു ഞാ-
നാദ്യം ചൊല്ലുക വൈകാതെ
മെയ്യോ തലയോ ഖണ്ഡിക്കേണ്ടതു
ഞാനാദ്യം, ബത, ചൊല്ലുക, നീ.

അന്തിമമായുള്ളാഗ്രഹമെന്തെ-
ന്നതുനീച്ചൊല്ലുകവൈകാതെ.

മുഖവും നഖവും കാണുമ്പോളെൻ
ചെല്ലക്കുട്ടിയതായി വളർത്താൻ
തോന്നീടുകയാൽ എന്നരമനയിൽ
വാണീടാം ഭയമോലാതെ

( മണികണ്ഠനും മഹിഷിയും ചേർന്ന് ഗംഭീരമായ യുദ്ധം നടക്കുന്നു. മണികണ്ഠന്റെ ശരം മഹിഷിയുടെ ഹൃദയത്തിൽ തറക്കുന്നു. )

രാഗം : കേദാരഗൗള താളം : ചെമ്പ

അയ്യൻവിട്ടശരം പ്രസൂനശരമായ് മെയ്യിൽത്തറച്ചഞ്ജസാ
ശാപത്താൽ മഹിഷീ ശരീരമുളവായ്ത്തീർന്നോരു ദേവാംഗന
ശീഘ്രംസുന്ദരമായ തന്റെയുടലുംകണ്ടേറ്റമാനന്ദമാ
ണ്ടമ്പിൽ മോചകനായണഞ്ഞമണികണ്ഠനോടു ചൊന്നാളവൾ
( മണികണ്ഠന്റെ അമ്പുതറച്ച മഹിഷി ദേവസുന്ദരിയായിത്തീരുന്നു. പ്രേമാഭ്യർത്ഥന നടത്തുന്നു.)

പൂർവികല്ല്യാണി.

മർത്ത്യരിൽപൂർണ്ണനായുള്ളമഹീപതേ ,
പൂർണ്ണാനുരാഗിണിയെന്നെഭവാൻ
പൂർവ്വപദത്തിലേക്കെത്തിച്ചുമോക്ഷമ-
തേകി,വെടിഞ്ഞങ്ങുപോകരുതേ,
സ്നേഹവിഹീനയാമെന്നെഭവാൻസ്നേഹ
സാഗരമാക്കിയതിൽഭവാൻവൈകാതെ
ആമഗ്നനാകുക,എന്നെഭവാനുടെ
കാമിനിയാക്കുക,സായൂജ്യമേകുക.

മണികണ്ഠൻ

രാഗം : ഭൈരവി താളം : ചെമ്പ

ബ്രഹ്മനെതേടുന്ന ഞാനിന്നു കാമനെ
ക്കണ്ടു ഭ്രമിക്കയില്ല ദേവി,

ദൗത്യം കഴിഞ്ഞു ശബരീ മലയിൽ
വസിക്കുന്ന കാലമെൻ ദർശനത്തിന്നായി
കന്നിയയ്യപ്പൻ വരാതിരിക്കുന്ന വ-
രിഷം ഭവതിയെ വേട്ടിടാം ഞാൻ.
എന്നുടെ ഭക്തർ ഭവതിയെ മാളിക-
പ്പുറമെഴുമമ്മയായ് കണ്ടുകൊള്ളും
നിന്നുടെ പേരിൽ ശരണംവിളിപ്പവർ
നമ്മുടെ വത്സല ഭക്തരല്ലോ.

## രംഗം : പത്ത്

രംഗസംക്ഷിപ്തം

(മണികണ്ഠന്റെസമീപം പെൺപുലിപ്രത്യക്ഷയാകുന്നു. അവളുടെപുറത്ത്കയറി മണികണ്ഠൻ കൊട്ടാരത്തിലേക്ക് യാത്രയാകുന്നു. )

രാഗം : സാരംഗ താളം : ചെമ്പട

പേരുംചൊല്ലിവിളിച്ചനേരമുടനേ പ്രത്യക്ഷയായ് പെൺപുലീ

പാരം പാലുചുരത്തിടും മുലകളായ് പൈതങ്ങളോടൊത്തവൾ
അയ്യൻതന്നുടെ പാദപത്മമതിലന്നമ്പോടു വന്ദിച്ചവൾ
തിങ്ങും പ്രേമമൊടയ്യനും മൃദുലമായ് ലാളിച്ചു വ്യാഘ്രത്തിനെ

വ്യാഘ്രി
പാദാംഗുലിയിൽ നക്കിനുണഞ്ഞെൻ മകനേ മോക്ഷം ഞാനടയാവൂ,
അറിവായ് നിന്നുടെയാഗമനത്തിന്നുദ്ദേശവുമെൻ പ്രിയപുത്രാ
നിന്നെക്കണ്ടുചുരത്തും മുലകൾ കറന്നിടാൻ നിൻ മന്ത്രിയൊടോതുക
നാൽക്കാലിക്കിരുകാലികളേക്കാൾ ഉൾക്കനിവെന്നവരറിയട്ടെ.
നിന്നുടെ വാഹനമാകാനെന്നുടെ യുൾത്താരിന്നു തുടിക്കുന്നൂ
നിന്നുടെ കോമളസ്പർശന മേൽക്കാനെന്നകതാരു കൊതിക്കുന്നൂ.

ഉൾത്താരിൽത്തളിരിട്ട ഭക്തിയതിനാൽ ഹർഷം പൂതച്ചന്നവൾ
അയ്യപ്പന്റെയടുത്തൊരമ്മ മരുവീടുംപോലെവാണൂ പുലി
കത്തും ക്രൂരതയാർന്ന കണ്ണിലുറവായ സ്നേഹാർദ്രമാമശ്രുവും
തത്തും കൗതുകമോടൂവാണുപുലിതൻ മേലെ പ്രപഞ്ചേശ്വരൻ

രംഗം : പതിനൊന്ന്

(രംഗസംക്ഷിപ്തം :പുലിവാഹനനായി കൊട്ടാരത്തിൽ വന്ന മണികണ്ഠനെ ഭക്തന്മാർ നമസ്കരിക്കുന്നു. ഭയവിഹ്വലരായ മന്ത്രിയേയും, വൈദ്യരേയും, രാജ്ഞിയേയും മണികണ്ഠൻ ആശ്വസിപ്പിക്കുന്നു. )

രാഗം : പുറനീര

ശാർദ്ദൂലപ്പുറമേറിവന്ന ശബരീനാഥന്റെ പാദാംബുജേ
സാഷ്ടാംഗംപ്രണമിച്ചനുഗ്രഹമതും നേടീ മഹാമാനസർ
വൈദ്യർക്കും മഹിഷിക്കുമാ കപടനാം വൈദ്യർക്കുമുള്ളിൽ ഭയം
ചെന്തീയായെരിയുന്നനേരമവരെ കൈക്കൊണ്ടിതയ്യപ്പനും

താതാ തവസുതൻ പെൺപുലിക്കൂട്ടമാ-
യെത്തീയപകടമോലാതെ ഭദ്രമായ്
പ്രേമം കറന്നെടുത്തീടുക പ്രേമമെ-
ഴാതുള്ളവർക്കു നീ, നൽകീടുകൗഷധം
കൊല്ലുകയില്ല, യീശാർദ്ദൂലിനീയമ്മ
നമ്മുടെപ്രജകളെ, യെന്നറിക.
ഞാനിതാ പോകയായ് ശബരിവസിച്ചു പ-
രിപൂതമായൊരു ശബരിമലക്കുടൻ.
മകരസംക്രാന്തിതൻ മധുരദിനങ്ങളിൽ
പാപപുണ്യങ്ങൾതന്നിരുമുടിക്കെട്ടുമായ്
ഭക്തിയിൽ ശരണംവിളിച്ചുംപതിനെട്ടു
പടിയുംചവിട്ടിക്കയറിയെൻസന്നിധിയി
ലണയുന്ന ഭക്തരിൽക്കനിവിന്റെയഭിഷേക
ധാരഞാൻചെയ്തിടാം കേട്ടുകൊൾക.

ശരണം ശബരീഗിരീ നാഥ നിൻ ചരണം
വരണം മനുജർക്കു സർവദാ മംഗളം
തരണം കരുണാകണ മമൃതം മമ സതതം
മരണ ഭയം നീ തരണം ചെയതു തരണം

ശുഭം

***************************************************************************************